**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5167** **21-07-2022 - ൽ മറുപടിയ്ക്ക്**

**ഫാം ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടത്തുന്ന ഫാം ടൂറിസം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സർക്കാരിന് കീഴിലുള്ള കൃഷി ഫാമുകളിൽ നിലവിലുള്ള വിളകൾക്കും ആവാസ വ്യവസ്ഥകൾക്കും കോട്ടം വരുത്താതെ കാർഷിക ഉല്പാദനവും കാർഷിക അന്തരീക്ഷവും പൊരുത്തപ്പെടുന്ന രീതിയിലാണ് ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത്. വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറിത്തോട്ടം, നെല്ലിയാമ്പതി ഓറഞ്ച് പച്ചക്കറി തോട്ടം, നേര്യമംഗലം ജില്ലാകൃഷിത്തോട്ടം, അഞ്ചൽ ജില്ലാകൃഷിത്തോട്ടം, സംസ്ഥാനവിത്തുൽപാദന കേന്ദ്രം - ആലുവ, ജില്ലാകൃഷിത്തോട്ടം - കുത്താളി, ജില്ലാകൃഷിത്തോട്ടം കരിമ്പം എന്നീ ഫാമുകളിൽ ഫാം ടൂറിസം നടപ്പിലാക്കി വരുന്നു.<br><br>കർഷകർ, വിനോദസഞ്ചാരികൾ, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ എന്നിവർക്ക് ഫാമിലെത്തി കൃഷി രീതികൾ കണ്ടുപഠിക്കുന്നതിനും വിത്തും തൈകളും മറ്റു ഉത്പന്നങ്ങളും വാങ്ങുന്നതിനും സൗകര്യമൊരുക്കുന്നുണ്ട്. |
| (ബി) | ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (ബി) | ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ ഫാമുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. നെല്ലിയാമ്പതി ഓറഞ്ച് പച്ചക്കറി തോട്ടത്തിൽ ഓറഞ്ച്, നാരകം, ശീതകാല പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയുടെ കൃഷി രീതി പഠിക്കുന്നതിനും അവയുടെ നടീൽ വസ്തുക്കൾ വാങ്ങുന്നതിനും ഫാം പ്രദേശത്തെ പ്രകൃതി രമണീയത ആസ്വദിക്കുന്നതിനും, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ഫാമിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ടൂറിസ്റ്റുകൾക്ക് താമസിക്കുന്നതിന് ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ടുണ്ട്.<br><br>2. വണ്ടിപ്പെരിയാർ സംസ്ഥാന പച്ചക്കറി ത്തോട്ടത്തിൽ ആർ.കെ.വി.വൈ പദ്ധതിയിൽ 68 |

ലക്ഷം രൂപ വിനിയോഗിച്ച് വിനോദ സഞ്ചാരികൾക്കുള്ള ട്രക്കിംഗ് പാത്ത്, ലാൻഡ് സ്കേപ്പിംഗ്, ഫാം റോഡുകൾ, പൂന്തോട്ടം എന്നിവ സജ്ജമാക്കിയിട്ടുണ്ട്.

3. കണ്ണൂർ ജില്ലയിൽ കരിമ്പം ജില്ലാ കൃഷി തോട്ടത്തിൽ ജില്ലാ പഞ്ചായത്തിന്റെ ബഹുവർഷ പദ്ധതിയിൽ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിൽ ഫാം മിനി മോഡൽ, വിവിധ ഇനം മാവുകളുടെ "മാങ്കോ മ്യൂസിയം സ്ഥാപിക്കൽ", കെട്ടിടങ്ങളുടെ നവീകരണം, ഫാം മനോഹരമാക്കുന്നതിനു ലാൻഡ് സ്കേപ്പിങ് വർക്കുകൾ നടപ്പിലാക്കൽ, കാർഷിക പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ, ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ കാർഷിക വ്യാവസായിക പുഷ്പ പ്രദർശനം സംഘടിപ്പിക്കൽ എന്നിവ ഉൾപ്പെടുന്നു.

4. കാസർഗോഡ് ജില്ലയിലെ ആദൂർ ഗ്വാളിമുഖയിലുള്ള കശുമാവ് സന്തതി തോട്ടത്തിൽ അഡ്വെഞ്ചർ ടൂറിസം (റോപ്പ് വേ, ട്രെക്കിങ് പാത എന്നിവ) ഫാം സ്റ്റേ ക്രമീകരിക്കുന്നതിനുള്ള താമസ സൗകര്യങ്ങൾ, കുന്നിൻ മുകളിലുള്ള വ്യൂ പോയിന്റ് സന്ദർശിക്കാനുള്ള സൗകര്യം എന്നിവ ഉൾപ്പെടുത്തി പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

5. എറണാകുളം ജില്ലയിലെ നേര്യമംഗലം ജില്ലാകൃഷിത്തോട്ടത്തിൽ 2021-22 മുതൽ 2023-24 വരെയുള്ള നബാർഡിന്റെ സഹായത്തോടെയുള്ള 12.20 കോടിയുടെ ആർ.ഐ.ഡി.എഫ് (RIDF) പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് പെരിയാറിന്റെ തീരം കെട്ടി സംരക്ഷിച്ച് നടപ്പാത നിർമ്മിക്കൽ, ബോട്ട് ജെട്ടി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവ പൂർത്തീകരിച്ചു കഴിയുമ്പോൾ ഭൂതത്താൻ കെട്ട്, തട്ടേക്കാട് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള ബോട്ട് യാത്രയും ക്രമീകരിക്കാൻ സാധിക്കും. കൂടാതെ ടി ഫാമിൽ സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പൂർത്തീകരിച്ച രണ്ട് ഏക്കർ വിസ്തീർണ്ണമുള്ള കുളത്തിൽ നൂതന സാങ്കേതിക വിദ്യ അനുവർത്തിച്ചു വളർത്തുന്ന മത്സ്യകൃഷി, താറാവ് വളർത്തൽ എന്നിവയിലൂടെ സന്ദർശകർക്ക് കണ്ടുപഠിക്കാൻ സൗകര്യം ഒരുക്കും. "വില്ലേജ് റസ്റ്റോറന്റുകൾ" ക്രമീകരിക്കുക, കുടിലുകൾ, ഏറുമാടങ്ങൾ, കോട്ടേജുകൾ എന്നിവ പെരിയാറിന്റെ തീരത്ത് പണിയുക, സൈക്ലിംഗ് പാത, ഹാന്റ് റെയിൽ എന്നിവ സ്ഥാപിക്കുക, മിനി അമ്യൂസ്മെന്റ് പാർക്ക്, കുട്ടികളുടെ പാർക്ക്,

| | | | |
|---|---|---|---|
| | | | ഇൻഫോർമേഷൻ സെന്റർ, ഫാമിന്റെ കവാടത്തിനു ചേർന്ന് വിപണന സൗകര്യം (മെഗാ മാർട്ട്) ഒരുക്കുക, 20ഏക്കറിൽ പരിപാലിക്കുന്ന വിദേശ ഫലവൃക്ഷത്തോട്ടം സന്ദർശിക്കാനുള്ള സൗകര്യം ഒരുക്കുക, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ആകർഷകമായി പാക്ക് ചെയ്ത് വിൽക്കാനുള്ള സൗകര്യങ്ങൾ ഒരുക്കുക, സന്ദർശകർക്ക് സഞ്ചരിക്കാനായി സൗരോർജ്ജ വണ്ടികൾ ക്രമീകരിക്കുക എന്നിവയും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br><br>6. സംസ്ഥാന വിത്തുൽപാദന കേന്ദ്രം - ആലുവ നബാർഡിന്റെ ധനസഹായമുള്ള ആർ.ഐ. ഡി. എഫ് XXVII - ൽ ഉൾപ്പെടുത്തി 6.78 കോടി രൂപയുടെ പദ്ധതിക്കു അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫാമിന്റെ വികസനത്തിനും ടൂറിസം നടപ്പിലാക്കുന്നതിനുമായി ഫാമിന്റെ സമീപമുള്ള പുഴയ്ക്കു കുറുകെ തൂക്കുപാലം, പുഴയോര സംരക്ഷണം, ബോട്ട് ജെട്ടി, ഫാം റോഡ്, ഓഫീസ് കെട്ടിടം നവീകരണം, തൊഴിലാളികളുടെ വിശ്രമ ഷെഡ് നിർമ്മാണം എന്നീ പ്രവർത്തികൾക്കായും ടി പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>7. അഞ്ചൽ ജില്ലാകൃഷിത്തോട്ടത്തിൽ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് 2021-22 ൽ 50ലക്ഷം രൂപ ചിലവഴിച്ചു ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി കുട്ടികളുടെ പാർക്ക്, കൃത്രിമ കുളവും വാട്ടർ ഫൗണ്ടനും എന്നിവ നിർമ്മിച്ചു. കൂടാതെ വിവിധ വിളകളുടെ മ്യൂസിയം, പനിനീർ പുഷ്പ പൂന്തോട്ടം, പുൽത്തകിടി, മറ്റു അലങ്കാരച്ചെടികൾ എന്നിവ വെച്ച് ഫാം മോടി പിടിപ്പിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ പഞ്ചായത്ത് മുഖേന സന്ദർശകർക്കുള്ള ഫെസിലിറ്റേഷൻ സെന്റർ, കഫെറ്റേറിയ, ഏറുമാടം, ടീ ടോപ് ഹട്ട്, പ്രീ ഫാബ്രിക്കേറ്റഡ് കോട്ടേജുകൾ എന്നിവ നിർമ്മിക്കൽ, ബയോ ഡൈവേഴ്സിറ്റി പാർക്ക് സ്ഥാപിക്കലും ഔഷധ സസ്യ ഉദ്യാനം, ചിത്രശലഭ പാർക്ക് എന്നിവയുടെ നവീകരിക്കലും, ശില്പങ്ങൾ സ്ഥാപിക്കലും നടപ്പിലാക്കുന്നതു വഴി ഫാം ടൂറിസം ഊർജിതമാകും. |
| (സി) | ഈ പദ്ധതിക്ക് സർക്കാർ ധനസഹായങ്ങളുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | സർക്കാർ ഫാമുകളിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി വിവിധ ഫണ്ട് സ്രോതസുകളാണ് ഉപയോഗിച്ചു വരുന്നത്. ഫാം ടൂറിസം നടപ്പിലാക്കുന്നതിന് വേണ്ടുന്ന വിവിധ ഘടകങ്ങൾ ഫാമുകളിൽ സ്ഥാപിക്കുന്നതിന് ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ് എന്നീ കേന്ദ്ര സർക്കാർ പദ്ധതികൾ പ്രയോജനപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| | | | കൂടാതെ ഫാം ടൂറിസത്തിനായി തന്നെ ചില ജില്ലാ പഞ്ചായത്തുകളിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനു പുറമെ ഇൻഫ്രാസ്ട്രക്ചർ വർക്കുകൾക്കായുള്ള ഡിപ്പാർട്ട്മെൻറ് ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പ്രവർത്തനങ്ങളും ഫാമുകളുടെ വികസനത്തിനും ടൂറിസം വികസനത്തിനും പ്രയോജനപ്പെടുന്നു. |

സെക്ഷൻ ഓഫീസർ